5
2/4/12

1115
3/4/12

# GOVERNMENT OF KERALA

**Abstract**

General Education - Higher Secondary Education- Academic - Single Window of admission to Plus one courses for the academic year 2012-13- Prospectus approved - Orders issued.

---

**GENERAL EDUCATION (U) DEPARTMENT**

**G.O (Rt) No. 1530/12/Gl. Edn. Dated, Thiruvananthapuram. 29/03/2012.**

---

Read: Letter no. ICT Cell/4433/SWS/HSE/2011 dated 13/03/12 from the Director, Higher Secondary Education, Thiruvananthapuram.

**ORDER**

The Director, Higher Secondary Education, Thiruvananthapuram in his letter read above has forwarded the prospectus for single window system of admission for Plus one course for the academic year 2012-13.

Government have examined the prospectus in detail and are pleased to approve the prospectus for single window system of admission of Plus one course for the academic year 2012-13 as appended to this Government Order.

(By order of the Governor)
**P.M.THOMAS,**
**Additional Secretary to Government.**

To

The Director, Higher Secondary Education, Thiruvananthapuram.
The Joint Director (Examinations), Higher Secondary Education, Thiruvananthapuram.
Co-Ordinator, ICT Cell, Poojappura, Thiruvananthapuram.
The Director, Information & Public Relation Department (for Publicity through Media and website)
The Stock File / Office Copy.

**Forwarded / By Order,**

**Section Officer.**

# ഹയർ സെക്കന്ററി പ്രവേശനം 2012-'13

ഹയർസെക്കന്ററിയിലെ പ്ലസ്വൺ പ്രവേശനം ലളിതവും സുതാര്യവും സാമൂഹ്യനീതി ഉറപ്പാക്കുന്നതുമാക്കാൻ ഏകജാലകപ്രവേശനം വഴി കഴിഞ്ഞ നാലു വർഷങ്ങളായി സാധിച്ചിട്ടുണ്ട്. ഈ വർഷവും ഇതേ രീതിയിൽതന്നെ പ്ലസ് വൺ പ്രവേശനം നടത്താൻ ഉദ്ദേശിക്കുന്നു. 2012-13 അക്കാദമിക വർഷത്തിലേക്കുള്ള പ്ലസ് വൺ ഹയർസെക്കന്ററി വിദ്യാർത്ഥിപ്രവേശനത്തിനായി സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

## 1 പ്രവേശനയോഗ്യത

എസ്.എസ്.എൽ.സി. (കേരള സിലബസ്), സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., റ്റി.എച്ച്.എസ്.എൽ.സി. തുടങ്ങിയ സ്കീമുകളിൽ പരീക്ഷകൾ പാസ്സായവർക്കും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും എസ്.എസ്.എൽ.സി.ക്ക് തത്തുല്യമായ പരീക്ഷ പാസ്സായിട്ടുള്ളവർക്കും അപേക്ഷിക്കാം. ഓരോ പേപ്പറിനും കുറഞ്ഞത് ഡി+ ഗ്രേഡോ തത്തുല്യമായ മാർക്കോ വാങ്ങി ഉന്നതപഠനത്തിന് യോഗ്യത നേടിയിരിക്കണം. എസ്.എസ്.എൽ.സി. പഴയ സ്കീമിൽ പരീക്ഷ എഴുതിയവരുടെയും ഗ്രേഡിങ് രീതിയിലുള്ള മൂല്യനിർണയം നിലവിലില്ലാത്ത മറ്റ് സ്കീമുകളിൽ പരീക്ഷ എഴുതിയവരുടെയും മാർക്കുകൾ ഗ്രേഡാക്കി മാറ്റിയ ശേഷമായിരിക്കും പ്രവേശനത്തിന് പരിഗണിക്കുന്നത്. മറ്റ് സ്കീമുകളിൽപെട്ട അപേക്ഷകർ, വിവിധ വിഷയങ്ങളുടെ ഓരോ പേപ്പറിനും അതത് ബോർഡുകൾ നിശ്ചയിച്ചിട്ടുള്ള വിജയിക്കാനാവശ്യമായ മിനിമം മാർക്ക് നേടിയിരിക്കണം.

അപേക്ഷകർക്ക് 2012 ജൂൺ 1ന് പതിനഞ്ച് വയസ്സ് പൂർത്തിയായിരിക്കണം, എന്നാൽ 20 വയസ്സ് കവിയാൻ പാടില്ല. എന്നാൽ കേരളത്തിലെ പൊതുപരീക്ഷാബോർഡിൽ നിന്ന് എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികൾക്ക് കുറഞ്ഞ പ്രായപരിധിയില്ല. മറ്റ് ബോർഡുകളുടെ പരീക്ഷകൾ പാസ്സാകുന്ന അപേക്ഷകർക്ക് കുറഞ്ഞ പ്രായപരിധിയിലും ഉയർന്ന പ്രായപരിധിയിലും ആറ് മാസം വരെ ഇളവ് അനുവദിക്കാൻ ഹയർ സെക്കന്ററി ഡയറക്ടർക്ക് അധികാരമുണ്ട്. കേരളത്തിലെ പൊതുപരീക്ഷാബോർഡിൽ നിന്ന് എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ ആറുമാസം വരെ ഇളവനുവദിക്കാൻ ഹയർസെക്കൻഡറി റീജിയനൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപെട്ട അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ രണ്ട് വർഷം വരെ ഇളവ് അനുവദിക്കും. ***അന്ധരോ ബധിരരോ ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവരോ ആയ വിദ്യാർത്ഥികൾക്ക് 25 വയസ്സ് വരെ അപേക്ഷിക്കാം.***

## 2 അപേക്ഷ സമർപ്പിക്കുന്ന വിധം

അപേക്ഷാഫാറത്തിന്റെ വില 10 രൂപയാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ/എയിഡഡ് ഹയർസെക്കന്ററി സ്കൂളുകളിലും അപേക്ഷാഫാറം ലഭ്യമാണ്. റവന്യൂ ജില്ലാതലത്തിലാണ് പ്രോസ്പെക്ടസും അപേക്ഷാഫാറവും തയ്യാറാക്കുന്നത്. ഒരു റവന്യൂ ജില്ലയിലെ വിവിധ സകൂളുകളിൽ പ്രവേശനം തേടുന്നവർ ആ ജില്ലയിലെ ഏതെങ്കിലും ഒരു ഹയർസെക്കന്ററി സ്കൂളിൽ നിന്നും അപേക്ഷ വാങ്ങുകയും പൂരിപ്പിച്ച അപേക്ഷ നിശ്ചിത സമയത്തിനുള്ളിൽ അതേ ജില്ലയിലെ സൗകര്യപ്രദമായ ഏതെങ്കിലും ഒരു ഹയർസെക്കന്ററി സ്കൂളിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും, ഒരു റവന്യൂ ജില്ലയിലേക്ക് ഒരു വിദ്യാർത്ഥി ഒന്നിൽ കൂടുതൽ അപേക്ഷകൾ മെരിറ്റ് സീറ്റിലേക്ക് സമർപ്പിക്കുവാൻ പാടില്ല. ഒരു ജില്ലയിൽ നിന്ന് ലഭിക്കുന്ന അപേക്ഷാഫാറത്തിൽ ആ ജില്ലയിലെ ഹയർസെക്കന്ററി സ്കൂളുകളുടെ വിവരങ്ങൾ മാത്രമെ ഉണ്ടാവുകയുള്ളു. അതിനാൽ ഒന്നിലധികം റവന്യൂ ജില്ലകളിലെ സ്കൂളുകളിൽ പ്രവേശനം തേടുന്നവർ ഓരോ ജില്ലയിലേക്കും പ്രത്യേകം പ്രത്യേകം അപേക്ഷ നൽകേണ്ടതാണ്. *സ്കൂളിൽ അപേക്ഷ സമർപ്പിച്ച് കഴിഞ്ഞാൽ അപേക്ഷാഫാറത്തിലുള്ള അക്നോളജ്മെന്റ് കാർഡ് പ്രിൻസിപ്പൽ ഒപ്പ് വച്ച് സ്കൂൾ സീലും പതിപ്പിച്ച് അപേക്ഷകന് തിരികെ നൽകുന്നതാണ്.* അപേക്ഷയെക്കുറിച്ചുള്ള എല്ലാ അന്വേഷണങ്ങൾക്കും ഈ **അക്നോളജ്മെന്റ് കാർഡും അതിലുള്ള അപേക്ഷാനമ്പറും ആവശ്യമായതിനാൽ സ്ഥിരപ്രവേശനം ലഭിക്കുന്നത് വരെ അപേക്ഷകർ ഇത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.**

അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി.യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, ബോണസ് പോയിന്റുകളും മറ്റാനുകൂല്യങ്ങളും അവകാശപ്പെടുന്ന പക്ഷം അവയുടെ അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സമർപ്പിക്കേണ്ടതാണ്. 2012ൽ എസ്.എസ്.എൽ.സി.(കേരള) പാസായ വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ കംപ്യൂട്ടർ

പ്രിന്റൗട്ട് ഹാജരാക്കിയാലും മതി. അപേക്ഷകന്റെ ജാതി, മതം, ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ, താലൂക്ക് മുതലായ വിവരങ്ങൾ എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിലുണ്ടെങ്കിൽ ഇവ സാക്ഷ്യപ്പെടുത്തുന്നതിന് മറ്റ് സർട്ടിഫിക്കറ്റുകൾ ആവശ്യമില്ല. എന്നാൽ എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിൽ ഇല്ലാത്ത ഏതെങ്കിലും വിവരങ്ങൾ നൽകി ആനുകൂല്യങ്ങൾ അവകാശപ്പെടുന്നുവെങ്കിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കണം.

## 3 മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകൾ

എയിഡഡ് സ്കൂളുകളിലെ മാനേജ്മെന്റ്/ കമ്മ്യൂണിറ്റി സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതിനുള്ള അധികാരം അതത് മാനേജ്മെന്റുകളിൽ നിക്ഷിപ്തമാണ്. ഈ സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ അതത് സ്കൂളുകളിൽ നിന്നും ഈ ആവശ്യത്തിനായി ലഭിക്കുന്ന പ്രത്യേക അപേക്ഷാഫാറം വാങ്ങി പൂരിപ്പിച്ച് അതത് സ്കൂളുകളിൽതന്നെ നൽകേണ്ടതാണ്. ഏകജാലക പ്രവേശനത്തിന്റെ അപേക്ഷാഫാറം മാനേജ്മെന്റ്/ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ പ്രവേശനത്തിന് ഉപയോഗിക്കാൻ പാടില്ല. കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിൽ അതത് സമുദായത്തിൽപെട്ട കുട്ടികളിൽ നിന്ന് മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നടത്തേണ്ടതാണ്. ഇപ്രകാരമുള്ള പ്രവേശനങ്ങളുടെ ഗ്രേഡ് പോയിന്റ് അടക്കമുള്ള വിശദാംശങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്. കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് അതത് സമുദായങ്ങളിൽ നിന്ന് മതിയായ അപേക്ഷകരില്ലെങ്കിൽ അങ്ങിനെ ഒഴിവുവരുന്ന സീറ്റുകൾ പൊതുമെരിറ്റ് സീറ്റുകളായി പരിഗണിച്ച് അലോട്ട്മെന്റ് നടത്തുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതിന് വിരുദ്ധമായി നടത്തുന്ന പ്രവേശനങ്ങൾ പുനഃപരിശോധിക്കാനും ആവശ്യമെങ്കിൽ റദ്ദ് ചെയ്യാനുമുള്ള അധികാരം ഹയർ സെക്കന്ററി ഡയറക്ടറിൽ നിക്ഷിപ്തമാണ്.

## 4 അഡ്മിഷൻ കമ്മിറ്റി

ഹയർ സെക്കന്ററി പ്രവേശന നടപടികളുടെ നിർവ്വഹണത്തിന് സ്കൂൾ പ്രിൻസിപ്പൽ കൺവീനറായി അഞ്ചംഗ അഡ്മിഷൻ കമ്മിറ്റിയുണ്ടായിരിക്കും. പ്രസ്തുത കമ്മിറ്റിയിൽ കംപ്യൂട്ടർ അധ്യാപകൻ/ കംപ്യൂട്ടർ പരിജ്ഞാനമുള്ള അധ്യാപകനടക്കം നാല് സീനിയർ ഹയർ സെക്കന്ററി അധ്യാപകർ ഉണ്ടായിരിക്കുന്നതാണ്. കമ്മിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ മേൽനോട്ടവും പ്രവേശനം സംബന്ധിച്ച കാര്യങ്ങളുടെ പൂർണ ഉത്തരവാദിത്തവും അതത് സ്കൂൾ പ്രിൻസിപ്പലിൽ നിക്ഷിപ്തമാണ്.

## 5 ഹെൽപ് ഡെസ്കുകൾ

അപേക്ഷ പൂരിപ്പിക്കൽ, അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കൽ തുടങ്ങി സ്കൂൾ പ്രവേശനം സംബന്ധിച്ച് വിദ്യാർത്ഥികൾക്കുണ്ടാകുന്ന എല്ലാ സംശയങ്ങളും പരിഹരിക്കുന്നതിന് സ്കൂൾ തലത്തിൽ അധ്യാപകരും രക്ഷകർതൃസമിതി അംഗങ്ങളും ഉൾപ്പെടുന്ന ഹെൽപ് ഡെസ്ക് പ്രവേശനപക്രിയ അവസാനിക്കുന്നത് വരെ സ്കൂളിൽ പ്രവർത്തിക്കുന്നതാണ്. സ്കൂൾ തലത്തിലെ ഹെൽപ് ഡെസ്കിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഉത്തരവാദിത്തവും അതത് പ്രിൻസിപ്പൽമാർക്കായിരിക്കും. ഇത് കൂടാതെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സംശയങ്ങൾ ദൂരീകരിക്കാൻ ജില്ലാതലത്തിലും, റീജിയണൽ തലത്തിലും, സംസ്ഥാനതലത്തിലും ഹെൽപ് ഡെസ്കുകൾ ഉണ്ടായിരിക്കും. ജില്ലാ തലത്തിൽ ഹയർ സെക്കന്ററി ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിലും റീജിയണൽ തലത്തിൽ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലും സംസ്ഥാന തലത്തിൽ ഹയർ സെക്കന്ററി അക്കാദമിക് വിഭാഗം ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുമാണ് ഹെൽപ് ഡെസ്കുകൾ പ്രവർത്തിക്കുക.

## 6 അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കൽ

തെറ്റായ വിവരങ്ങൾ നൽകി ലഭിക്കുന്ന അലോട്ട്മെന്റ് റദ്ദ് ചെയ്യുകയും അങ്ങിനെയുള്ള അപേക്ഷകരുടെ പ്രവേശനസാധ്യത ഇല്ലാതാവുകയും ചെയ്യുന്നതാണ്. ആയതിനാൽ അപേക്ഷാ വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടത് അപേക്ഷകരുടെ സ്വന്തം ഉത്തരവാദിത്തമാണ്. അപേക്ഷയിലെ വിവരങ്ങൾ വെബ്സൈറ്റ് മുഖേന പരിശോധിക്കാൻ അപേക്ഷകർക്ക് അവസരം ലഭിക്കും. ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ അഡ്മിഷൻ പോർട്ടലായ **www.hscap.kerala.gov.in** സന്ദർശിച്ച് അപേക്ഷാ നമ്പർ ടൈപ്പ് ചെയ്ത് സബ്മിറ്റ് ചെയ്താൽ വിദ്യാർത്ഥിയുടെ അപേക്ഷാവിവരങ്ങൾ കാണാം. അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നത് മുതൽ അപേക്ഷാവിവരങ്ങൾ പരിശോധിക്കാം. അപേക്ഷകൾ സ്കൂളിൽ ലഭിക്കുന്ന മുറയ്ക്ക് സ്കൂളധികൃതർ ഓൺലൈനായി അവ രജിസ്റ്റർ ചെയ്യും. എല്ലാ അപേക്ഷകരും നിർബന്ധമായും വെബ്സൈറ്റിലെ അപേക്ഷാവിവരങ്ങൾ സ്വയമോ മറ്റുള്ളവരുടെ സഹായത്തോടെയോ പരിശോധിക്കണം. തിരുത്തലുകൾ ആവശ്യമാണെങ്കിൽ അപേക്ഷ നൽകിയ സ്കൂളിലെ പ്രിൻസിപ്പലിനെ നിശ്ചിത

സമയത്തിനുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതും തുടർന്ന് ആവശ്യമായ തിരുത്തലുകൾ വരുത്തി എന്ന് ഉറപ്പാക്കേണ്ടതുമാണ്. പ്രസ്തുത സ്കൂളിലെ പ്രിൻസിപ്പൽ അപേക്ഷകന്റെ പരാതി കൈപ്പറ്റിയതിന്റെ രസീത് അപേക്ഷകന് നൽകുന്നതാണ്.

## 7 ട്രയൽ അലോട്ട്മെന്റ്

അപേക്ഷകരായ വിദ്യാർത്ഥികൾക്ക് അവസാനവട്ട പരിശോധനയും തിരുത്തലുകളും വരുത്തുന്നതിനായി ആദ്യ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ഒരു ട്രയൽ അലോട്ട്മെന്റ് നടത്തുന്നതും ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമായിരിക്കും. അപേക്ഷാ വിവരങ്ങളിൽ എന്തെങ്കിലും തെറ്റുകൾ അവശേഷിക്കുന്നുണ്ടെങ്കിൽ തിരുത്താൻ അപേക്ഷ നൽകാവുന്നതാണ്. തെരഞ്ഞെടുത്ത സ്കൂളുകളും, സബ്ജക്ട് കോമ്പിനേഷനുകളും ഉൾപ്പെടെയുള്ള മാറ്റങ്ങൾ ഈ ഘട്ടത്തിലും അനുവദിക്കും. തിരുത്തുവാനുള്ള അപേക്ഷ കൈപ്പറ്റിയതിന്റെ രസീത് പ്രിൻസിപ്പൽ ഈ ഘട്ടത്തിലും അപേക്ഷകന് നൽകുന്നതാണ്. **നിശ്ചിത സമയത്തിനു ശേഷം യാതൊരു കാരണവശാലും തിരുത്തലുകൾ അനുവദിക്കുന്നതല്ല.**

## 8 അലോട്ട്മെന്റ് പ്രക്രിയ

രണ്ട് അലോട്ട്മെന്റുകളടങ്ങുന്ന മുഖ്യ അലോട്ട്മെന്റ് പ്രക്രിയയ്ക്ക് ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് സപ്ലിമെന്ററി അലോട്ട്മെന്റുകൾ നടത്തും. മുഖ്യ അലോട്ട്മെന്റ് പ്രക്രിയ അവസാനിക്കുന്നതോടെ താൽക്കാലിക പ്രവേശനത്തിൽ തുടരുന്ന വിദ്യാർത്ഥികൾ പ്രവേശനം നിർബന്ധമായി സ്ഥിരപ്പെടുത്തണം. **ഒഴിവുള്ള പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ സീറ്റുകളിലേക്ക് ഇതേ വിഭാഗങ്ങളിൽ നിന്നും പുതുതായി ക്ഷണിച്ച അപേക്ഷകൾ രണ്ടാമത്തെ അലോട്ട്മെന്റിലായിരിക്കും പരിഗണിക്കുന്നത്.** സ്ഥിരപ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് തുടർന്നുണ്ടാകുന്ന ഒഴിവുകളിലേക്ക് അവകാശമുന്നയിക്കാൻ സാധിക്കില്ല. എന്നാൽ മുഖ്യ അലോട്ട്മെന്റ് പ്രക്രിയ അവസാനിച്ചിട്ടും കൂടുതൽ ഇഷ്ടപ്പെട്ട സ്കൂളും കോംബിനേഷനും ലഭിക്കാത്തവർക്ക് സ്കൂൾ മാറ്റത്തിനോ സ്കൂളിനുള്ളിൽത്തന്നെ കോംബിനേഷൻ മാറ്റത്തിനോ അപേക്ഷിക്കാം. ഒഴിവുകളുള്ള പക്ഷം മെറിറ്റടിസ്ഥാനത്തിൽ ഈ മാറ്റങ്ങൾ അനുവദിക്കും. നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ഇങ്ങനെ പ്രസിദ്ധീകരിക്കുന്ന ഒഴിവുകളിലേക്കും സ്കൂൾ/ കോംബിനേഷൻ മാറ്റങ്ങൾ മൂലമുണ്ടാകുന്ന ഒഴിവുകളിലേക്കും മാത്രമായിരിക്കും മാറ്റങ്ങൾ അനുവദിക്കുക. ശേഷമുണ്ടാകുന്ന ഒഴിവുകൾ സപ്ലിമെന്ററി അലോട്ട്മെന്റുകളിലൂടെ നികത്തും. **മുഖ്യ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സ്കൂൾ, കോംബിനേഷൻ മാറ്റങ്ങൾ അനുവദിച്ച ശേഷം മാത്രമായിരിക്കും സപ്ലിമെന്ററി അലോട്ട്മെന്റ് നടത്തുക.** സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷ ക്ഷണിക്കുന്നതിന് മുമ്പ് ഒഴിവുള്ള സീറ്റുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. **അപേക്ഷ നൽകിയിട്ടും മുഖ്യ അലോട്ട്മെന്റുകളിലൊന്നിലും ഇടം നേടാൻ കഴിയാത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടുന്നതിനായി നിലവിലുള്ള അപേക്ഷ പുതുക്കണം.** അപേക്ഷ പുതുക്കുന്നതോടൊപ്പം നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഓപ്ഷനുകളും മാറ്റിനൽകാം. സപ്ലിമെന്ററി അലോട്ട്മെന്റിന് വേണ്ടി തയ്യാറാക്കുന്ന പുതിയ റാങ്ക് ലിസ്റ്റനുസരിച്ച് ഈ അപേക്ഷകരെ വീണ്ടും പ്രവേശനത്തിനായി പരിഗണിക്കും. എന്നാൽ അപേക്ഷ പുതുക്കാതിരുന്നാൽ അലോട്ട്മെന്റിന്‌വേണ്ടി പരിഗണിക്കില്ല. നേരത്തെ അപേക്ഷിക്കാതിരുന്നവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിന് വേണ്ടി അപേക്ഷ നൽകാം. **2012 എസ്.എസ്.എൽ.സി. (സേ) പരീക്ഷയിലൂടെ യോഗ്യരാകുന്ന വിദ്യാർത്ഥികളെയും ഈ ഘട്ടത്തിലായിരിക്കും പരിഗണിക്കുക.** എന്നാൽ സ്ഥിരപ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾ ഈ ഘട്ടത്തിൽ വീണ്ടും അപേക്ഷിക്കാൻ പാടില്ല. അപേക്ഷകരുള്ള പക്ഷം സപ്ലിമെന്ററി അലോട്ട്മെന്റുകൾക്ക് ശേഷം ഒരിക്കൽകൂടി സ്കൂൾ/ കോംബിനേഷൻ മാറ്റങ്ങൾ അനുവദിക്കുന്നതാണ്.

## 9 സ്ഥിരപ്രവേശനം, താല്ക്കാലിക പ്രവേശനം

ഒന്നാം ഓപ്ഷൻ പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ് നൽകി നിശ്ചിത സമയത്തിനുള്ളിൽ സ്കൂളിൽ സ്ഥിരപ്രവേശനം നേടണം. ഫീസടച്ചില്ലെങ്കിൽ ഈ സീറ്റുകൾ ഒഴിഞ്ഞതായി കണക്കാക്കുന്നതാണ്. ഈ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് പിന്നീട് അവസരം ലഭിക്കുന്നതല്ല. താഴ്ന്ന ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിക്കുകയും തുടർന്നുള്ള അലോട്ട്മെന്റുകളിൽ ഉയർന്ന ഓപ്ഷനിലേക്കുള്ള മാറ്റം പ്രതീക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ താല്ക്കാലിക പ്രവേശനം നേടിയാൽ മതി.

ഹയർസെക്കൻഡറി പ്രവേശനയോഗ്യത തെളിയിക്കാനുള്ള രേഖകൾ സ്കൂൾ പ്രിൻസിപ്പലിനെ ഏൽപ്പിച്ചാൽ താല്ക്കാലിക പ്രവേശനം ലഭിക്കുന്നതാണ്. താല്ക്കാലിക പ്രവേശനം നേടാൻ ഫീസടക്കേണ്ടതില്ല. മെച്ചപ്പെട്ട ഓപ്ഷൻ ലഭിച്ച ശേഷം താല്ക്കാലിക പ്രവേശനം നേടിയിരുന്ന സ്കൂളിൽ നിന്നും അസ്സൽ സർട്ടിഫിക്കറ്റുകൾ വാങ്ങി പുതിയ സ്കൂളിൽ നൽകി പ്രവേശനം നേടിയാൽ മതി. മുഖ്യ അലോട്ട്മെന്റുകൾ കഴിയുന്നത് വരെ ഇങ്ങനെ താല്ക്കാലിക അഡ്മിഷനിൽ തുടരാം. താഴ്ന്ന ഓപ്ഷനിൽ അഡ്മിഷൻ ലഭിച്ചശേഷം ലഭിച്ച അഡ്മിഷൻ സ്ഥിരപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്ക് ഉയർന്ന ഓപ്ഷനുകൾ റദ്ദാക്കിക്കൊണ്ട് ഫീസടച്ച് സ്ഥിരപ്രവേശനം നേടാം. അങ്ങിനെ തീരുമാനിക്കുന്നവർ ഉയർന്ന ഓപ്ഷൻ റദ്ദ് ചെയ്യാൻ ആഗ്രഹിക്കുന്ന വിവരം പ്രവേശനം നേടുന്ന ദിവസം തന്നെ സ്കൂൾ പ്രിൻസിപ്പലിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. തെരഞ്ഞെടുത്ത ഏതാനും ഉയർന്ന ഓപ്ഷനുകൾ മാത്രമായും ക്യാൻസൽ ചെയ്യാവുന്നതാണ്. ഉയർന്ന ഓപ്ഷൻ റദ്ദ് ചെയ്യാത്ത വിദ്യാർത്ഥികൾ തുടർന്ന് വരുന്ന അലോട്ട്മെന്റുകളിൽ ഉയർന്ന ഓപ്ഷൻ ലഭിച്ചാൽ നിർബന്ധമായും പുതിയ അലോട്ട്മെന്റിലേക്ക് മാറിപ്പോകണം. സ്ഥിരപ്രവേശനത്തിനും താല്ക്കാലിക പ്രവേശനത്തിനും യോഗ്യത തെളിയിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കണം. അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ലെങ്കിൽ പ്രവേശനം ലഭിക്കില്ല. ഓരോ അലോട്ട്മെന്റിനോടൊപ്പവും അറിയിക്കുന്ന പ്രവേശനദിവസങ്ങളിൽതന്നെ പ്രവേശനം നേടാത്തവർക്ക് പിന്നീടവസരം ലഭിക്കുന്നതല്ല. പ്രവേശനപ്രക്രിയ അവസാനിക്കുന്നതുവരെ മെരിറ്റ് സീറ്റുകളിലേക്കുള്ള എല്ലാ പ്രവേശനങ്ങളും സ്കൂൾ മാറ്റങ്ങളും ഏകജാലക സംവിധാനം വഴി മാത്രമായിരിക്കും നടക്കുന്നത്. ഓരോ അലോട്ട്മെന്റിനുശേഷവും സ്കൂളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഈ ലിസ്റ്റ് പരിശോധിക്കാവുന്നതാണ്.

## 10 ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷിക്കുന്ന രീതി

ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചവർക്ക് അപേക്ഷിച്ച ജില്ലകളിലെല്ലാം ഒരേ സമയം അലോട്ട്മെന്റ് ലഭിച്ചാൽ അവർ ഏതെങ്കിലും ഒരു ജില്ലയിൽ മാത്രം പ്രവേശനം നേടേണ്ടതും അതോടെ മറ്റുള്ള ജില്ലകളിലെ ഓപ്ഷനുകൾ തനിയെ റദ്ദാകുന്നതുമാണ്. പ്രവേശനം നേടിയ ജില്ലയിൽ ആവശ്യമെങ്കിൽ താല്ക്കാലിക അഡ്മിഷനിൽ തുടർന്ന് കൊണ്ട് അതേ ജില്ലയിലെ മെച്ചപ്പെട്ട ഓപ്ഷനുകൾക്ക് വേണ്ടി കാത്തിരിക്കാം. എന്നാൽ ആദ്യം ഒരു ജില്ലയിൽ മാത്രം അലോട്ട്മെന്റ് ലഭിക്കുകയും അതനുസരിച്ച് പ്രവേശനം നേടിയ ശേഷം തുടർന്നുള്ള അലോട്ട്മെന്റിൽ മറ്റൊരു ജില്ലയിൽ പുതുതായി അലോട്ട്മെന്റ് ലഭിച്ചാൽ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാവുന്നതാണ്. തുടർന്ന് പുതുതായി പ്രവേശനം നേടിയ ജില്ലയിലെ ഉയർന്ന ഓപ്ഷനുകളിലേക്ക് മാത്രമേ ഈ വിദ്യാർത്ഥിക്ക് മാറാൻ കഴിയൂ. ആദ്യ ജില്ലയിലെ ഓപ്ഷനുകൾ തനിയെ റദ്ദാകും.

## 11 ബോണസ് പോയിന്റിന് അർഹതയുള്ള വിഭാഗങ്ങൾ

| വിഭാഗം | ബോണസ് പോയിന്റ് |
|---|---|
| കൃത്യനിർവ്വഹണത്തിനിടയിൽ മരണമടഞ്ഞ ജവാൻമാരുടെമക്കൾക്ക് (നിയമപരമായി അവർ ദത്തെടുത്ത മക്കൾക്കും ഈ ആനുകൂല്യത്തിനർഹതയുണ്ട്) | 5 |
| ജവാൻമാരുടെയും എക്സ് സർവ്വീസുകാരുടെയും (ആർമി/നേവി/എയർ ഫോഴ്സ് മുതലായവ മാത്രം) മക്കൾക്ക്/നിയമപരമായി അവർ ദത്തെടുത്ത മക്കൾക്ക് | 3 |
| എൻ.സി.സി.(75 ശതമാനത്തിൽ കുറയാത്ത ഹാജർ കേഡറ്റിനുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം)/ സ്കൗട്ട് & ഗൈഡ് (രാഷ്ട്രപതി പുരസ്കാർ/രാജ്യപുരസ്കാർ നേടിയവർക്ക് മാത്രം)/ നീന്തൽ അറിവ് (അപേക്ഷകൻ താമസിക്കുന്ന കോർപറേഷൻ/ മുനിസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം) | 2 |
| അതേ സ്കൂളിലെ വിദ്യാർത്ഥി | 2 |
| അതേ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | 2 |
| അതേ താലൂക്ക് | 1 |
| ഗവ./എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളില്ലാത്ത ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് അതേ താലൂക്കിലെ മറ്റ് സ്കൂളുകളിൽ നൽകുന്ന ഗ്രേഡ് പോയിന്റ് | 2 |

## 12 മൈനസ് പോയിന്റ്

ആദ്യതവണ തന്നെ യോഗ്യതാപരീക്ഷ പാസാകാത്ത അപേക്ഷകരുടെ ആകെ ഗ്രേഡ് പോയിന്റിൽ നിന്നും ചാൻസൊന്നിന് ഒരു പോയിന്റ് എന്ന തരത്തിൽ കുറവ് ചെയ്യും. എന്നാൽ ആദ്യമായി എസ്. എസ്. എൽ.സി. പരീക്ഷ എഴുതിയ വർഷം തന്നെ സേ പരീക്ഷയെഴുതി വിജയിച്ച് അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾക്ക് മൈനസ് പോയിന്റ് ബാധകമല്ല.

## 13 സീറ്റ് സംവരണം

| വിഭാഗം | സർക്കാർ സ്കൂളുകൾ | എയിഡഡ് സ്കൂളുകൾ | ന്യൂനപക്ഷ/ പിന്നോക്ക സമുദായ എയിഡഡ് മാനേജ്മെന്റ് സ്കൂളുകൾ |
|---|---|---|---|
| ഓപ്പൺ മെരിറ്റ് | 59% | 50% | 40% |
| മാനേജ്മെന്റ് ക്വാട്ട | ഇല്ല | 30% | 40% (20% അതത് സമുദായത്തിലെ അപേക്ഷകർക്ക് മെരിറ്റ് അടിസ്ഥാനത്തിലും 20% മാനേജ്മെന്റ് ക്വാട്ടയിലും) |
| ഈഴവ (തീയ്യ, ബില്ലവ ഉൾപ്പെടെ) | 8% | ഇല്ല | ഇല്ല |
| മുസ്ലീം | 7% | ഇല്ല | ഇല്ല |
| ലത്തീൻ കത്തോലിക്കാ സമുദായത്തിനും SIUC വിഭാഗത്തിനും കൂടി | 2% | ഇല്ല | ഇല്ല |
| മറ്റ് പിന്നോക്ക ക്രിസ്തീയ സമുദായങ്ങൾ | 1% | ഇല്ല | ഇല്ല |
| മറ്റ് പിന്നോക്ക ഹിന്ദു സമുദായങ്ങൾ | 3% | ഇല്ല | ഇല്ല |
| പട്ടികജാതി | 12% | 12% | 12% |
| പട്ടിക വർഗം | 8% | 8% | 8% |

സ്പോർട്സ് ക്വാട്ട, വിഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ (Differently Abled), ഭാഷാന്യൂനപക്ഷങ്ങൾ

| വിഭാഗം | സർക്കാർ സ്കൂളുകൾ | എയിഡഡ് സ്കൂളുകൾ | ന്യൂനപക്ഷ/ പിന്നോക്ക സമുദായ എയിഡഡ് മാനേജ്മെന്റ് സ്കൂളുകൾ |
|---|---|---|---|
| സ്പോർട്സ് ക്വാട്ട | ഓപ്പൺ മെരിറ്റിന്റെ 5% | ഓപ്പൺ മെരിറ്റിന്റെ 5% | ഓപ്പൺ മെരിറ്റിന്റെ 5% |
| വിഭിന്നശേഷിവിഭാഗത്തിലുള്ളവർ (Differently Abled) | ഓപ്പൺ മെരിറ്റിന്റെ 3% | ഓപ്പൺ മെരിറ്റിന്റെ 3% | ഓപ്പൺ മെരിറ്റിന്റെ 3% |
| ഭാഷാന്യൂനപക്ഷങ്ങൾ (തമിഴും കന്നടയും മാത്രം) | തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഓപ്പൺ മെരിറ്റിന്റെ 5% സീറ്റുകൾ (സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം 1ൽ) | | |

കുറിപ്പ് 1: പട്ടികജാതി/ പട്ടികവർഗ സംവരണസീറ്റുകളിലേക്ക് മതിയായ അപേക്ഷകരില്ലെങ്കിൽ പ്രസ്തുത വിഭാഗത്തിലെ അതുവരെ അപേക്ഷിക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാൻ ഒരവസരം കൂടി നൽകിയതിനുശേഷം അലോട്ട്മെന്റ് നടത്തും. ഇനിയും ഈ വിഭാഗത്തിൽ സീറ്റുകൾ അവശേഷിക്കുകയാണെങ്കിൽ അത്തരം ഒഴിവുകളിലേക്ക് ആദ്യം ഒ.ഇ.സി. വിഭാഗത്തെ പരിഗണിക്കും. അതിനുശേഷവും ഒഴിവുകളുണ്ടെങ്കിൽ അത്തരം സീറ്റുകളെ പൊതു മെരിറ്റ് സീറ്റുകളായി പരിഗണിച്ച് ഒ.ബി.സി.യിലെ ഈഴവ, മുസ്ലീം, ലത്തീൻ കത്തോലിക്ക, SIUC, മറ്റ് പിന്നോക്ക ക്രിസ്ത്യൻ, മറ്റ് പിന്നോക്ക ഹിന്ദു എന്നീ വിഭാഗങ്ങൾക്ക് സർക്കാർ സ്കൂളുകളിൽ അവർക്ക് ലഭിക്കുന്ന സംവരണശതമാനപ്രകാരവും അവശേഷിക്കുന്ന സീറ്റുകൾ ജനറൽ വിഭാഗത്തിനും നൽകും. സർക്കാർ സ്കൂളുകളിലും എയിഡഡ് സ്കൂളുകളിലും പട്ടികജാതി/ പട്ടികവർഗ സീറ്റുകളിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നത് ഒരേ മാനദണ്ഡങ്ങളനുസരിച്ചായിരിക്കും.

കുറിപ്പ് 2: വിഭിന്നശേഷി വിഭാഗത്തിൽ 1) ശാരീരിക വൈകല്യമുള്ളവർ, 2) അന്ധർ, 3) ബധിരർ, 4) മാനസിക/മസ്തിഷ്ക രോഗങ്ങൾ മൂലം പഠന വൈകല്യങ്ങളുള്ളവർ എന്നിവരുൾപ്പെടും. ഈ

വിഭാഗത്തിൽ പരിഗണിക്കപ്പെടുന്നതിന് അപേക്ഷകർ തങ്ങൾക്ക് 40 ശതമാനത്തിൽ കുറയാത്ത വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന അംഗീകൃത മെഡിക്കൽബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഈ വിഭാഗത്തിൽപെടുന്നവർ പ്രായോഗികപരീക്ഷകളുള്ള വിഷയങ്ങളുൾപ്പെടുന്ന കോംബിനേഷനുകൾ തെരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ വിഷയങ്ങൾ പഠിക്കുന്നതിന് അപേക്ഷകന്റെ രോഗാവസ്ഥ തടസ്സമല്ലെന്ന്, വിദ്യാഭ്യാസവകുപ്പ് ഈ ആവശ്യത്തിനായി ചുമതലപ്പെടുത്തുന്ന ജില്ലാതലത്തിലുള്ള പ്രത്യേക സമിതി സാക്ഷ്യപ്പെടുത്തണം. ജില്ലാമെഡിക്കൽഓഫീസർ നിർദേശിക്കുന്ന ഒരു വിദഗ്ദഡോക്ടറും ഗവൺമെന്റ് സ്കൂളിലെ ഹയർസെക്കന്ററി സയൻസ് വിഭാഗം അധ്യാപകനും അതേവിഭാഗത്തിലെ ഒരു പ്രിൻസിപ്പലും IEDC റിസോഴ്സ് അധ്യാപകനും ഈ സമിതിയിലുണ്ടായിരിക്കും. ഈ സമിതി വിദ്യാർത്ഥികളെ അഭിമുഖത്തിനായി ക്ഷണിക്കുന്ന തീയതിയും സ്ഥലവും മുൻകൂട്ടി അറിയിക്കും. **വിഭിന്നശേഷി വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളുടെയും യോഗ്യതാസർട്ടിഫിക്കറ്റുകളുടെ പ്രാരംഭപരിശോധന നടത്തുന്നത് മുകളിൽ സൂചിപ്പിച്ച സമിതിയായിരിക്കും.** പരിശോധനക്ക് ശേഷം സമിതി നൽകുന്ന സർട്ടിഫിക്കറ്റിലെ റഫറൻസ് നമ്പർ വിദ്യാർത്ഥികൾ അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തേണ്ടതും സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. ഈ വിഭാഗത്തിന് വേണ്ടി സംവരണം ചെയ്തിട്ടുള്ള സീറ്റുകളുടെ മൂന്നിലൊന്ന് അന്ധർക്കായിരിക്കും. അന്ധരായ അപേക്ഷകരില്ലെങ്കിൽ അവർക്കായി സംവരണം ചെയ്ത സീറ്റുകൾ ഇതേ വിഭാഗത്തിലെ മറ്റ് ഉപവിഭാഗങ്ങൾക്ക് നൽകും. ***വിഭിന്നശേഷിവിഭാഗത്തിലെ അപേക്ഷകർക്ക് യോഗ്യതയുള്ള പക്ഷം അവരുടെ ആദ്യ ഓപ്ഷൻ തന്നെ അലോട്ട്ചെയ്ത് നൽകുന്നതാണ്. ഇതിനായി ആവശ്യമെങ്കിൽ അധിക സീറ്റുകൾ സൃഷ്ടിക്കുന്നതായിരിക്കും. ആദ്യ അലോട്ട്മെന്റിൽ തന്നെ ഈ വിഭാഗത്തിലെ മുഴുവൻ അപേക്ഷകരെയും പരിഗണിക്കുന്നതാണ്.***

## 14 സ്പോർട്ട്സ് ക്വാട്ടയിലെ പ്രവേശനം

സ്പോർട്ട്സ്ക്വാട്ടയിലുള്ള പ്രവേശനം നടത്തുന്നത് ഏകജാലകസംവിധാന പ്രകാരമായിരിക്കില്ല. ഈ വിഭാഗത്തിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷ ജില്ലാ സ്പോർട്ട്സ് കൗൺസിൽ അധികാരികൾക്ക് ദേശീയ/സംസ്ഥാന/ജില്ലാ തലങ്ങളിൽ ലഭിച്ച മെരിറ്റ് സർട്ടിഫിക്കറ്റുകളുടെ പകർപ്പോടൊപ്പം സമർപ്പിക്കേണ്ടതാണ്. ജില്ലാ സ്പോർട്ട്സ് കൗൺസിൽ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾ അപേക്ഷാഫാറവും മതിയായ രേഖകളും സ്പോർട്സ് കൗൺസിൽ നൽകുന്ന കത്തും സഹിതം നിശ്ചിത തീയതിക്കുള്ളിൽ പ്രിൻസിപ്പൽ മുമ്പാകെ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ***സ്പോർട്ട്സ് കൗൺസിലിൽ നിന്നുള്ള കത്തിൽ വിദ്യാർത്ഥിയുടെ പേര്, ജനനത്തീയതി, എസ്.എസ്.എൽ.സി. രജിസ്റ്റർ നമ്പർ, രക്ഷകർത്താവിന്റെ പേര്, ആവശ്യപ്പെടുന്ന വിഷയകോംബിനേഷൻ, ആവശ്യപ്പെടുന്ന സ്കൂൾ, വിദ്യാർത്ഥിയുടെ സ്പോർട്ട്സ് ഇനം എന്നിവ തെറ്റുകൂടാതെ രേഖപ്പെടുത്തിയിരിക്കണം.*** സ്പോർട്ട്സ് ക്വാട്ടയിലെ പ്രവേശനവിവരങ്ങൾ ഇതിനായി അറിയിക്കുന്ന സമയപരിധിക്കുള്ളിൽ സ്കൂളിൽനിന്ന് വെബ്സൈറ്റ് മുഖേന കേന്ദ്രീകൃത പ്രവേശനരജിസ്ട്രിയിലേക്ക് അപ് ലോഡ് ചെയ്യുന്നതും ഈ വിഭാഗത്തിനായി സംവരണം ചെയ്ത സീറ്റുകൾ ബാക്കിയുണ്ടെങ്കിൽ അവ ഏകജാലക സംവിധാനം വഴി നികത്തുന്നതുമാണ്. സ്പോർട്ട്സ് ക്വാട്ടയിലെ പ്രവേശനത്തിന്റെ അവസാനത്തീയതിക്ക്ശേഷം ഈ വിഭാഗത്തിലുണ്ടാകുന്ന ഒഴിവുകളിലേക്ക് സ്കൂൾ തലത്തിൽ പ്രവേശനം നടത്തുന്നതല്ല. സ്പോർട്ട്സ് ഹോസ്റ്റൽ സൗകര്യങ്ങൾ പരിഗണിച്ച് സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ അഭ്യർത്ഥനപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഏതാനും സ്കൂളുകളിൽ സ്പോർട്ട്സ് ക്വാട്ടാ സീറ്റുകൾ വർദ്ധിപ്പിട്ടുണ്ട്. ഇങ്ങനെ ഒരു സ്കൂളിൽ അധികമായി നൽകുന്ന സീറ്റുകൾ സമീപസ്കൂളുകളിലെ സ്പോർട്ട്സ് ക്വാട്ട സീറ്റുകളിൽ നിന്ന് കുറവ് ചെയ്ത് ക്രമീകരിക്കുന്നതാണ്. ഇങ്ങനെ ക്രമീകരിച്ച സീറ്റ് മെട്രിക്സ് ആയിരിക്കും പ്രസിദ്ധീകരിക്കുന്നത്. അധികസീറ്റുകളനുവദിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾക്ക് അനുബന്ധം 2 കാണുക. സ്പോർട്ട്സ് ക്വാട്ടയിലേക്ക് അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്ക് അവർ ആഗ്രഹിക്കുന്ന പക്ഷം ഏകജാലകസംവിധാനം വഴിയുള്ള മെരിറ്റ് ക്വാട്ടയിലേക്കും അപേക്ഷ നൽകാവുന്നതാണ്.

## 15 കേന്ദ്രീകൃതപ്രവേശനരജിസ്ട്രി

മെരിറ്റ് സീറ്റിലെ വിദ്യാർത്ഥിവിവരങ്ങൾക്കൊപ്പം സ്കൂൾതലത്തിൽ പ്രവേശനം നടത്തുന്ന സ്പോർട്ട്സ്/ മാനേജ്മെന്റ്/ കമ്മ്യൂണിറ്റി ക്വാട്ടകളിലെ വിവരങ്ങളും അൺഎയിഡഡ് സ്കൂൾ ബാച്ചുകളിലെ

വിദ്യാർത്ഥിവിവരങ്ങളും കൂടി ചേർത്ത് കേന്ദ്രീകൃത പ്രവേശനരജിസ്ട്രി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. പരീക്ഷാരജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിവിധ വകുപ്പുതല ആവശ്യങ്ങൾക്ക് ഈ രജിസ്ട്രിയായിരിക്കും തുടർന്നുപയോഗിക്കുന്നത്. ഡയറക്ടറേറ്റിൽ നിന്ന് നിർദേശിക്കുന്ന സമയപരിധിക്കുള്ളിൽ സ്കൂളധികൃതർ മുകളിൽ പരാമർശിച്ച വിദ്യാർത്ഥിവിവരങ്ങൾ അപ്ലോഡ് ചെയ്യും. കേന്ദ്രീകൃതപ്രവേശനരജിസ്ട്രിയിലേക്ക് ഓരോ സ്കൂളിലും സർക്കാർ അനുവദിച്ചിട്ടുള്ള എണ്ണം വിദ്യാർത്ഥികളെ മാത്രമെ ഉൾപ്പെടുത്താൻ കഴിയൂ. ഈ രജിസ്ട്രിയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് ഹയർസെക്കൻഡറിപരീക്ഷയ്ക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. അതിനാൽ കേന്ദ്രീകൃതരജിസ്ട്രി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചാലുടൻ വിദ്യാർത്ഥികൾ ലിസ്റ്റ് പരിശോധിച്ച് സ്വന്തം പേര്, സ്കൂൾ, പഠിക്കുന്ന വിഷയകോംബിനേഷൻ എന്നിവ ശരിയായരീതിയിൽ ഉണ്ടെന്നുറപ്പാക്കേണ്ടതാണ്. പരാതികളുണ്ടെങ്കിൽ അവ പ്രിൻസിപ്പലിനെ രേഖാമൂലം അറിയിക്കണം.

## 16 പ്രവേശനമാനദണ്ഡം: WGPA കണക്കാക്കുന്നത്

ഓരോ വിദ്യാർത്ഥിയുടെയും **WGPA (Weighted Grade Point Average)** കണക്കാക്കിയാണ് പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത്. അത് കണക്കാക്കുന്ന വിധം താഴെകൊടുക്കുന്നു.

- ആദ്യം യോഗ്യതാപരീക്ഷയിൽ ഓരോ വിഷയത്തിനും അപേക്ഷകന് ലഭിച്ച ഗ്രേഡുകൾക്ക് താഴെ സൂചിപ്പിച്ച പ്രകാരം ഗ്രേഡ് പോയിന്റ് നൽകുന്നു.

| ഗ്രേഡ് | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| ഗ്രേഡ് പോയിന്റ് | 9 | 8 | 7 | 6 | 5 | 4 | 3 |

- വിവിധ വിഷയങ്ങൾക്ക് ലഭിച്ചിട്ടുള്ള ഗ്രേഡ് പോയിന്റുകളുടെ തുകയായ **TGP (Total Grade Point)** കണക്കാക്കുന്നു(ഉദാ: പത്ത് വിഷയങ്ങൾക്കും A+ ഗ്രേഡുകൾ ലഭിച്ച വിദ്യാർത്ഥിയുടെ TGP 90 ആയിരിക്കും).
- ഹയർസെക്കന്ററി പഠനത്തിന് വിദ്യാർത്ഥി തെരഞ്ഞെടുക്കുന്ന വിഷയ കോംബിനേഷനുകൾക്കനുസരിച്ച് യോഗ്യതാപ്പരീക്ഷയിലെ ചില വിഷയങ്ങൾക്ക് വെയിറ്റേജ് ലഭിക്കും. തെരഞ്ഞെടുക്കുന്ന വിഷയ കോംബിനേഷനുമായി ബന്ധമുള്ള എസ്. എസ്. എൽ.സി. പേപ്പറുകൾക്കാണ് ഇങ്ങനെ വെയിറ്റേജ് ലഭിക്കുന്നത്. ഹയർ സെക്കന്ററിയിലെ 45 കോഴ്സ് കോംബിനേഷനുകൾക്ക് വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങളുടെ വിശദാംശങ്ങൾ ഖണ്ഡിക 18 ൽ കൊടുത്തിരിക്കുന്നു. ഇങ്ങനെ വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ ഗ്രേഡ് പോയിന്റുകൾ പ്രത്യേകം കൂട്ടുന്നു. ഇതാണ് **GSW (total Grade value of Subjects for which Weightage is given-** വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ ആകെ ഗ്രേഡ് പോയിന്റ്)
- ഖണ്ഡിക 11ൽ കൊടുത്തിരിക്കുന്ന ബോണസ് പോയിന്റുകൾ(അർഹതയുണ്ടെങ്കിൽ മാത്രം) കണക്കാക്കുന്നു(BP). ഖണ്ഡിക 12 പ്രകാരം കുറയ്ക്കേണ്ട മൈനസ് പോയിന്റുകളുണ്ടെങ്കിൽ അതും കണ്ടെത്തുന്നു(MP).
- ഇനി താഴെക്കാണിച്ചിരിക്കുന്ന സൂത്രവാക്യമുപയോഗിച്ച് WGPA ഏഴ് ദശാംശസ്ഥാനത്തിന് കൃത്യമായി കണ്ടെത്തുന്നു.

$$WGPA= \frac{TGP + GSW + BP - MP}{TS + TSW}$$

| | |
|---|---|
| **WGPA:** | **Weighted Grade Point Average** |
| **TGP:** | **Total Grade Point** |
| **GSW:** | **total Grade value of Subjects for which Weightage is given** |
| **BP:** | **Bonus Point** |
| **MP:** | **Minus Point** |
| **TS:** | **Total number of Subjects** (ആകെ വിഷയങ്ങളുടെ എണ്ണം) |
| **TSW:** | **Total number of Subjects for which Weightage is given** (വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ എണ്ണം) |

WGPA കണക്കാക്കുന്നതിന് മാതൃക താഴെകൊടുത്തിരിക്കുന്നു.

- വിദ്യാർത്ഥിക്ക് ലഭിച്ച ഗ്രേഡുകൾ

| Sub | Mal I | Mal II | Eng | Hind | Phy | Che | Bio | SS | Maths | IT |
|---|---|---|---|---|---|---|---|---|---|---|
| Grade | A | A | A | A+ | A+ | A | B+ | A+ | A+ | A |
| Grade Point | 8 | 8 | 8 | 9 | 9 | 8 | 7 | 9 | 9 | 8 |

- വിദ്യാർത്ഥിയുടെ ഓപ്ഷൻ: എസ്.എസ്.എൽ.സി.ക്ക് പഠിച്ച സ്കൂളിൽതന്നെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ് കോംബിനേഷൻ (കോഡ്: 01).
- അതിനാൽ TGP = 83, GSW = 33 , BP = 2, MP = 0, TS =10, TSW = 4.

$$WGPA = \frac{83+33+2-0}{10+4} = 8.4285714$$

## 17 WGPA തുല്യമായാൽ ചെയ്യേണ്ടത്

WGPA യുടെ ഏഴ് ദശാംശസ്ഥാനത്തിന് കൃത്യമായി കണക്കിലെടുത്തതിനുശേഷവും ഒന്നിലേറെ അപേക്ഷകർക്ക് തുല്യ പോയിന്റ് ലഭിച്ചാൽ താഴെപ്പറയുന്ന മുൻഗണനപ്രകാരം ടൈ ബ്രേക്ക് ചെയ്ത് അർഹത നിശ്ചയിക്കുന്നതാണ്.

1 ടൈ വരുന്ന കോംബിനേഷന് അപേക്ഷകർ രേഖപ്പെടുത്തിയ മുൻഗണന

2 വെയിറ്റേജിന് കണക്കിലെടുത്ത വിഷയങ്ങളുടെ ഉയർന്ന TGP

3 ഇംഗ്ലീഷിന്റെ ഉയർന്ന ഗ്രേഡ് പോയിന്റ്

4 ഒന്നാം ഭാഷയുടെ ഉയർന്ന ഗ്രേഡ് പോയിന്റ്

5 അപേക്ഷകന്റെ പ്രാദേശിക പശ്ചാത്തലം (അതേ സ്കൂൾ, അതേ ഗ്രാമപഞ്ചായത്ത്, ഗവ./എയിഡഡ് ഹയർ സെക്കന്ററി സ്കൂളില്ലാത്ത ഗ്രാമപഞ്ചായത്ത്, അതേ താലൂക്ക്, അതേ ജില്ല എന്നിങ്ങനെയായിരിക്കും മുൻഗണനാക്രമം)

6 ഇനിയും തുല്യനിലയിൽ തുടർന്നാൽ NTSE, കലാകായിക മൽസരങ്ങൾ, സംസ്ഥാനതല പ്രവർത്തിപരിചയമേള എന്നിവയിലെ മികവ് താഴെ സൂചിപ്പിക്കുന്ന മുൻഗണനാക്രമത്തിൽ പരിഗണിക്കും. ഇവയിൽ NTSE ഒഴികെ മറ്റിനങ്ങൾക്ക് 10-ാം ക്ലാസിൽ പഠിക്കുമ്പോൾ പങ്കെടുത്തിട്ടുള്ള ഇനങ്ങളിലെ മികവ് മാത്രമായിരിക്കും പരിഗണിക്കുക.

- NTSE ദേശീയ/സംസ്ഥാനതല പരീക്ഷയിൽ യോഗ്യത നേടിയവർ
- സംസ്ഥാനതല യുവജനോൽസവത്തിൽ പങ്കെടുത്തവർ (ഗ്രേസ് മാർക്കിന് അർഹതയില്ലാത്തവർ)
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ എ ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള എ ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പോയിന്റുകൾ ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ ബി ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള ബി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ സി ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള സി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ ഡി ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള ഡി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ ഇ ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള ഇ ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- സംസ്ഥാനതല കായികമൽസരത്തിൽ പങ്കെടുത്തവർ(ഗ്രേസ് മാർക്കിന് അർഹതയില്ലാത്തവർ)

- ജില്ലാതല യുവജനോൽസവത്തിൽ എ ഗ്രേഡ് (സംസ്ഥാന തലത്തിൽ പങ്കെടുക്കാത്തവർ. ആകെ ലഭിച്ചിട്ടുള്ള എ ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല കായികമൽസരത്തിൽ ഒന്നാം സ്ഥാനം (സംസ്ഥാനതലത്തിൽ പങ്കെടുക്കാത്തവർ. ആകെ ലഭിച്ചിട്ടുള്ള ഒന്നാം സ്ഥാനങ്ങൾക്കാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല യുവജനോൽസവത്തിൽ ബി ഗ്രേഡ് (ആകെ ലഭിച്ചിട്ടുള്ള ബി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല കായികമൽസരത്തിൽ രണ്ടാം സ്ഥാനം (ആകെ ലഭിച്ചിട്ടുള്ള രണ്ടാം സ്ഥാനങ്ങൾക്കാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല യുവജനോൽസവത്തിൽ സി ഗ്രേഡ് (ആകെ ലഭിച്ചിട്ടുള്ള സി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല കായികമൽസരത്തിൽ മൂന്നാം സ്ഥാനം (ആകെ ലഭിച്ചിട്ടുള്ള മൂന്നാം സ്ഥാനങ്ങൾക്കാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല യുവജനോൽസവത്തിൽ പങ്കെടുത്തവർ
- ജില്ലാതല കായികമൽസരത്തിൽ പങ്കെടുത്തവർ
- സ്കൗട്ട് & ഗൈഡ്സിലെ പങ്കാളിത്തം (രാഷ്ട്രപതി പുരസ്കാർ/രാജ്യപുരസ്കാർ ലഭിക്കാത്തവർ)

വീണ്ടും തുല്യനില തുടർന്നാൽ താഴെ സൂചിപ്പിക്കുന്ന അക്കാദമികേതര പ്രവർത്തനങ്ങളിലെ മികവ് കൂടി മുൻഗണനാക്രമത്തിൽ പരിഗണിച്ച് പ്രവേശന യോഗ്യത നിശ്ചയിക്കുന്നതാണ്.

- സമകാലികങ്ങളിൽ പ്രസിദ്ധീകരിച്ച സാഹിത്യസൃഷ്ടികൾ
- റെഡ്ക്രോസ് പ്രവർത്തനങ്ങൾ
- നേച്ചർ ക്ലബ്ബ്/ ഫോറസ്ട്രി ക്ലബ്ബ്/ സയൻസ് ക്ലബ്ബ്/ സോഷ്യൽ സയൻസ് ക്ലബ്ബ്/ ഡിബേറ്റിങ് ക്ലബ്ബ്/ ഒറേറ്ററി ക്ലബ്ബ്/ ഫിലാറ്റലി ക്ലബ്ബ്/ മാത്തമാറ്റിക്സ് ക്ലബ്ബ്/ ഐ.ടി. ക്ലബ്ബ് /ഹെൽത്ത് ക്ലബ്ബ് മുതലായവയിലെ പ്രവർത്തനങ്ങൾ (ക്ലബ്ബുകൾക്ക് ഒരേ മുൻഗണനയായിരിക്കും)
- സ്കൂൾ മാസികകളിൽ പ്രസിദ്ധീകരിച്ച സാഹിത്യസൃഷ്ടികൾ

(സ്കൂൾ തലത്തിലെ പ്രവർത്തനങ്ങൾക്ക് സ്കൂളിലെ പ്രധാനാധ്യാപകൻ നൽകുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, പ്രസിദ്ധീകരണങ്ങൾക്ക് അവയുടെ കോപ്പിയും അപേക്ഷയോടൊപ്പം ഹാജരാക്കണം.)

## 18 സബ്ജക്ട് കോംബിനേഷനുകളും കോഡുകളും

സയൻസ്, ഹ്യുമാനിറ്റീസ്, കോമേഴ്സ് എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകളിലായി ഹയർ സെക്കന്ററി പഠനത്തിന് ആകെ 45 സബ്ജക്ട് കോംബിനേഷനുകൾ ലഭ്യമാണ്. ഗ്രൂപ്പ് തിരിച്ചുള്ള സബ്ജക്ട് കോംബിനേഷനുകളും അവയുടെ കോഡുകളും ഓരോ കോംബിനേഷൻ തെരഞ്ഞെടുക്കുമ്പോഴും വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങളും താഴെക്കൊടുത്തിരിക്കുന്നു.

സയൻസ് ഗ്രൂപ്പ്

| കോഡ് | സബ്ജക്റ്റ് കോംബിനേഷൻ | വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങൾ |
|---|---|---|
| 01 | Physics, Chemistry, Biology, Mathematics | Physics, Chemistry, Biology, Mathematics |
| 02 | Physics, Chemistry, Biology, Home Science | |
| 03 | Physics, Chemistry, Home Science, Mathematics | |
| 04 | Physics, Chemistry, Geology, Mathematics | Physics, Chemistry, Mathematics |
| 05 | Physics, Chemistry, Mathematics, Computer Science | |
| 06 | Physics, Chemistry, Mathematics, Electronics | |
| 07 | Physics, Chemistry, Computer Science, Geology | |
| 08 | Physics, Chemistry, Mathematics, Statistics | |
| 09 | Physics, Chemistry, Biology, Psychology | Physics, Chemistry, Biology, Mathematics |

## ഹ്യുമാനിറ്റീസ് ഗ്രൂപ്പ്

| കോഡ് | സബ്ജക്റ്റ് കോംബിനേഷൻ | വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങൾ |
|---|---|---|
| 10 | History, Economics, Political Science, Geography | Social Science |
| 11 | History, Economics, Political Science, Sociology | |
| 12 | History, Economics, Political Science, Geology | |
| 13 | History, Economics, Political Science, Music | |
| 14 | History, Economics, Political Science, Gandhian Studies | |
| 15 | History, Economics, Political Science, Philosophy | |
| 16 | History, Economics, Political Science, Social Work | |
| 17 | Islamic History, Economics, Political Science, Geography | |
| 18 | Islamic History, Economics, Political Science, Sociology | |
| 19 | Sociology, Social Work, Psychology, Gandhian Studies | |
| 20 | History, Economics, Political Science, Psychology | |
| 21 | History, Economics, Political Science, Anthropology | |
| 22 | History, Economics, Geography, Malayalam | |
| 23 | History, Economics, Geography, Hindi | |
| 24 | History, Economics, Geography, Arabic | |
| 25 | History, Economics, Geography, Urdu | |
| 26 | History, Economics, Geography, Kannada | |
| 27 | History, Economics, Geography, Tamil | |
| 28 | History, Economics, Sanskrit Sahitya, Sanskrit Sastra | |
| 29 | History, Philosophy, Sanskrit Sahitya, Sanskrit Sastra | |
| 30 | History, Economics, Political Science, Statistics | Social Science, Mathematics |
| 31 | Sociology, Social work, Psychology, Statistics | |
| 32 | Economics, Statistics, Anthropology, Social work | |
| 33 | Economics, Gandhian Studies, Communicative English, Computer Application | Social Science, English |
| 34 | Sociology, Journalism, Communicative English, Computer Application | |
| 35 | Journalism, English Literature, Communicative English, Psychology | |
| 41 | History, Economics, Sociology, Malayalam | Social Science |
| 42 | History, Economics, Political Science, Malayalam | |
| 43 | History, Economics, Gandhian Studies, Malayalam | |
| 44 | Social Work, Journalism, Communicative English, Computer Applicaion | Social Science, English |
| 45 | History, Economics, Sociology, Hindi | Social Science |
| 46 | History, Economics, Sociology, Arabic | |

## കോമേഴ്സ് ഗ്രൂപ്പ്

| കോഡ് | സബ്ജക്റ്റ് കോംബിനേഷൻ | വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങൾ |
|---|---|---|
| 36 | Business Studies, Accountancy, Economics, Mathematics | Social Science, Mathematics |
| 37 | Business Studies, Accountancy, Economics, Statistics | |
| 38 | Business Studies, Accountancy, Economics, Political Science | |
| 39 | Business Studies, Accountancy, Economics, Computer Application | |

## 19 ഫീസ് ഘടന

| ഇനങ്ങൾ | സയൻസ് ഗ്രൂപ്പ് | ഹ്യുമാനിറ്റീസ്/ കോമേഴ്സ് ഗ്രൂപ്പുകൾ |
|---|---|---|
| 1 അഡ്മിഷൻ ഫീസ് | 25 രൂ | 25 രൂ |
| 2 ലൈബ്രറി ഫീസ് | 10 രൂ | 10 രൂ |
| 3 കലണ്ടർ ഫീസ് | 5 രൂ | 5 രൂ |
| 4 വൈദ്യ പരിശോധനാ ഫീസ് | 5 രൂ | 5 രൂ |
| 5 ഓഡിയോ വിഷ്വൽ യൂണിറ്റ് ഫീസ് | 10 രൂ | 10 രൂ |
| 6 സ്പോർട്സ് & ഗെയിംസ് ഫീസ് | 25 രൂ | 25 രൂ |
| 7 സ്റ്റേഷനറി ഫീസ് | 10 രൂ | 10 രൂ |
| 8 അസോസിയേഷൻ ഫീസ് | 10 രൂ | 10 രൂ |
| 9 യൂത്ത് ഫെസ്റ്റിവൽ ഫീസ് | 20 രൂ | 20 രൂ |

| | | |
|---|---|---|
| 10 മാഗസിൻ ഫീസ് | 10 രൂ | 10 രൂ |
| 11കോഷൻ ഡിപ്പോസിറ്റ് | 100 രൂ | 75 രൂ |
| 12 ലാബറട്ടറി ഫീസ് | ലാബറട്ടറി സൗകര്യം ആവശ്യമുള്ള വിഷയങ്ങൾക്ക് **25** രൂപ വീതം | |

സ്കൂൾ ഫീസ്, പി.റ്റി.എ. ഫണ്ട് തുടങ്ങിയവ അടച്ചുകഴിഞ്ഞാൽ സ്കൂളധികൃതരിൽ നിന്നും ഇവയ്ക്കുള്ള രസീതുകൾ ചോദിച്ചു വാങ്ങേണ്ടതാണ്. പി.റ്റി. എ. ഫണ്ട് **GO(MS)No. 126/2007/Gen.Edn. dated 25.06.2007** എന്ന സർക്കാർ ഉത്തരവ് പ്രകാരം ശേഖരിച്ച് സംഭാവന നൽകിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങളും തുകയും സ്കൂൾ നോട്ടീസ്ബോർഡിൽ പ്രിൻസിപ്പൽ പ്രദർശിപ്പിക്കേണ്ടതാണ്.

## 20 അഡ്മിഷൻ ഷെഡ്യൂൾ

| | | |
|---|---|---|
| അപേക്ഷകൾ വിതരണം ചെയ്തു തുടങ്ങുന്ന തീയതി | --- | **08/05/2012** |
| അപേക്ഷകൾ സ്വീകരിക്കേണ്ട അവസാനതീയതി | --- | **31/05/2012** |
| ട്രയൽ അലോട്ട്മെന്റിന്റെ തീയതി | --- | **06/06/2012** |
| ആദ്യ അലോട്ട്മെന്റിന്റെ തീയതി | --- | **14/06/2012** |
| മുഖ്യഅലോട്ട്മെന്റുകൾ അവസാനിക്കുന്ന തീയതി | --- | **27/06/2012** |
| ക്ലാസ്സുകൾ തുടങ്ങേണ്ട തീയതി | --- | **28/06/2012** |
| അഡ്മിഷൻ അവസാനിപ്പിക്കാനുള്ള തീയതി | --- | **10/08/2012** |

## 21 അനുബന്ധങ്ങൾ

1 ഭാഷാന്യൂനപക്ഷ ആനുകൂല്യം ലഭിക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ

2 സ്പോർട്ട്സ് ക്വാട്ടയിൽ അധികസീറ്റുകൾ അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ

3 സംവരണാനുകൂല്യമുള്ള സമുദായങ്ങളുടെ പട്ടിക

4 അപേക്ഷാഫാറം പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

5 പൂരിപ്പിച്ച മാതൃകാ അപേക്ഷാഫാറം

6 സംസ്ഥാനം, ജില്ല, താലൂക്ക്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുതലായവയുടെ കോഡുകൾ

7 സ്കൂൾ കോഡ്, സ്ക്കൂളിന്റെ പേര്, സ്കൂളിലനുവദിച്ചിട്ടുള്ള സബ്ജക്ട് കോമ്പിനേഷനുകൾ, രണ്ടാം ഭാഷകൾ എന്നിവ(ഓരോ ജില്ലയിലും വിതരണം ചെയ്യുന്ന അപേക്ഷകളിൽ അതാത് ജില്ലകളിലെ സ്കൂൾ വിവരങ്ങൾ മാത്രം)

8 അപേക്ഷാഫാറം

ഡയറക്ടർ

## അനുബന്ധം 4

# അപേക്ഷാഫോറം പൂരിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ

### പൊതുനിർദേശങ്ങൾ

1 അപേക്ഷാഫോറം പൂരിപ്പിക്കുന്നതിന് മുമ്പായി പ്രോസ്പെക്ടസും നിർദ്ദേശങ്ങളും ശ്രദ്ധിച്ച് വായിക്കുക. അപൂർണവും തെറ്റായതുമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

2 ഒരു ജില്ലയിലെ വിവിധ സ്കൂളുകളിലെ മെരിറ്റ് സീറ്റുകളിലേക്ക് ഒരു അപേക്ഷ മാത്രം നൽകുക.

3 അപേക്ഷയോടൊപ്പം അനുബന്ധരേഖകളുടെ പകർപ്പുകൾ മാത്രം സമർപ്പിക്കുക. അസ്സൽ സർട്ടിഫിക്കറ്റുകൾ പ്രവേശന സമയത്ത് ഹാജരാക്കിയാൽ മതി.

### വിശദമായ നിർദേശങ്ങൾ

1 താഴെക്കൊടുത്തിരിക്കുന്ന വിവിധ സ്കീമുകളിൽ നിന്നും അപേക്ഷകന്റെ സ്കീമും അതിന്റെ കോഡും കണ്ടെത്തി എഴുതുക.

| സ്കീം | കോഡ് |
|---|---|
| SSLC(Grading System)2011-12 | 01 |
| SSLC(GradingSystem) 2007,08, 09,10,11 | 02 |
| SSLC(Grading System)2005, 2006 | 03 |
| SSLC (Old Scheme) | 04 |
| THSLC-IHRD(Grading System) | 05 |
| THSLC-IHRD(Old Scheme) | 06 |

| സ്കീം | കോഡ് |
|---|---|
| CBSE | 07 |
| ICSE | 08 |
| THSLC-Technical (Grading System) | 09 |
| THSLC-Technical (Old Scheme) | 10 |
| SSLC(IED) | 11 |
| Other | 12 |

2 എസ്. എസ്. എൽ.സി. പരീക്ഷയുടെ രജിസ്റ്റർ നമ്പർ 476146 എന്നാണെങ്കിൽ അത് ഇങ്ങനെ രേഖപ്പെടുത്തുക

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 4 | 7 | 6 | 1 | 4 | 6 |

3 എസ്.എസ്.എൽ.സി. പരീക്ഷ പാസായ വർഷവും മാസവുമാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്.
ഉദാ: 2012 മാർച്ചിലാണ് പരീക്ഷ പാസായതെങ്കിൽ മാസം

| 0 | 3 | എന്നും വർഷം | 2 | 0 | 1 | 2 | എന്നും രേഖപ്പെടുത്തുക. |
|---|---|---|---|---|---|---|---|

4 എസ്. എസ്. എൽ.സി. പരീക്ഷയ്ക്ക് പഠിച്ച സ്കൂളിന്റെ പേരും കോഡുമാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. അതേ സ്കൂളിൽ ഹയർസെക്കന്ററിക്ക് പ്രവേശനം ആവശ്യപ്പെടുന്ന വിദ്യാർത്ഥിക്ക് ബോണസ് മാർക്ക് നൽകുന്നതിന് വേണ്ടിയാണിത്. അനുബന്ധം 7 ൽ താൻ എസ്. എസ്. എൽ.സി. ക്ക് പഠിച്ച സ്കൂൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അപേക്ഷകൻ നോക്കുക. ഉണ്ടെങ്കിൽ അനുബന്ധത്തിൽ ആ സ്കൂളിന്റെ പേരിനൊപ്പം ചേർത്തിരിക്കുന്ന സ്കൂൾ കോഡ് എഴുതുക. ഈ ലിസ്റ്റിലില്ലാത്ത മറ്റേതൊരു സ്കൂളിൽ പഠിച്ചാലും ലിസ്റ്റിനൊടുവിലുള്ള Others ന്റെ കോഡായ 1 2 3 4 5 എന്ന് എഴുതുക.

5 അപേക്ഷകന്റെ പേരെഴുതുമ്പോൾ എസ്. എസ്. എൽ.സി. സർട്ടിഫിക്കറ്റിലുള്ളതുപോലെ ക്യാപിറ്റൽ അക്ഷരങ്ങളിൽ ഇനിഷ്യലുകൾ അവസാനം വരുന്ന രീതിയിൽ എഴുതുക.

6 ആൺകുട്ടിയോ പെൺകുട്ടിയോ എന്ന് പ്രസക്തമായ കോളത്തിൽ '✓' മാർക്ക് ചെയ്യുക.

7 കാറ്റഗറിയും കാറ്റഗറികോഡും താഴെക്കാണിച്ചിരിക്കുന്ന പട്ടികയും അനുബന്ധം 3-ഉം പരിശോധിച്ച് എഴുതുക.

| കാറ്റഗറി | കോഡ് |
|---|---|
| **General** | **01** |
| **Ezhava**(തീയ്യ, ബില്ലവ ഉൾപ്പെടെ) | **02** |
| **Muslim** | **03** |
| **Latin Catholic& SIUC** | **04** |

| കാറ്റഗറി | കോഡ് |
|---|---|
| **OBC Christian** | **05** |
| **OBCHindu** (ഈഴവ, തീയ്യ, ബില്ലവ ഒഴികെയുള്ളവർ) | **06** |
| **SC** | **07** |
| **ST** | **08** |

ഓ.ഇ.സി. വിഭാഗത്തിന് പ്രത്യേക സംവരണം ഇല്ല. എന്നാൽ പ്രോസ്പെക്ടസിന്റെ 13-ാം ഖണ്ഡിക പ്രകാരമുള്ള ആനുകൂല്യം ലഭിക്കും. പ്രത്യേക സംവരണമില്ലാത്തത്കൊണ്ട് 7-ാം കോളത്തിൽ

കാറ്റഗറി സൂചിപ്പിക്കേണ്ടിടത്ത് OEC വിഭാഗക്കാർ General എന്നാണ് പൊതുവെ രേഖപ്പെടുത്തേണ്ടത്. എന്നാൽ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാർ **OEC** വിഭാഗത്തിലും **OBC Christian** വിഭാഗത്തിലും ഉൾപ്പെടുന്നുണ്ട്. അതുപോലെ **OBCHindu** വിഭാഗത്തിൽപെടുന്ന ധീവര, കുടുംബി, കുശവ എന്നീ സമുദായങ്ങൾ **OEC** വിഭാഗത്തിലും ഉൾപ്പെടുന്നുണ്ട്. ഇവർ 7-ാം കോളത്തിൽ **General** എന്നതിന് പകരം അതാത് വിഭാഗത്തിന്റെ പേരും കോഡും രേഖപ്പെടുത്തുകയും 11-ാം കോളത്തിലെ **Yes** എന്ന ബോക്സിൽ '✓'മാർക്ക് ചെയ്യുകയും വേണം. വിവിധ സംവരണ വിഭാഗങ്ങളുടെ വിശദമായ ലിസ്റ്റ് അനുബന്ധം 3 ൽ ചേർത്തിട്ടുണ്ട്.

8 അപേക്ഷകന്റെ ജാതിയും മതവും അതാത് ബോക്സുകളിൽ രേഖപ്പെടുത്തുക.

9 ജനനത്തീയതി എസ്. എസ്. എൽ.സി. സർട്ടിഫിക്കറ്റിലുള്ളത്പോലെയാണ് എഴുതേണ്ടത്. അപേക്ഷകന്റെ ജനനത്തീയതി 1996 മാർച്ച് 17 ആണെങ്കിൽ അത് ഇങ്ങനെ രേഖപ്പെടുത്തുക.

| 1 | 7 | | 0 | 3 | | 1 | 9 | 9 | 6 |
|---|---|---|---|---|---|---|---|---|---|

10 അച്ഛന്റെയോ, അമ്മയുടെയോ, രക്ഷകർത്താവിന്റെയോ പേരെഴുതുക.

11 ഒ.ഇ.സി. വിഭാഗത്തിൽപെടുന്ന അപേക്ഷകർ **Yes** എന്ന ബോക്സിലും മറ്റുള്ളവർ **No** എന്ന ബോക്സിലും '✓' മാർക്ക് ചെയ്യുക.

12 ഭാഷാന്യൂനപക്ഷത്തിൽ ഉൾപ്പെടുന്നവർ **Yes** എന്ന ബോക്സിലും മറ്റുള്ളവർ **No** എന്ന ബോക്സിലും '✓' മാർക്ക് ചെയ്യുക. **Yes** എന്നാണുത്തരമെങ്കിൽ ഭാഷയുടെ പേരെഴുതുക.

13 ശാരീരിക വൈകല്യമുള്ളവർ, അന്ധർ, ബധിരർ, മസ്തിഷ്ക രോഗങ്ങൾ മൂലം പഠനവൈകല്യങ്ങളുള്ളവർ മുതലായ വിഭാഗങ്ങളിൽപെടുന്ന അപേക്ഷകർ അതാത് ബോക്സുകളിൽ '✓' മാർക്ക് ചെയ്യുക. ഈ വിഭാഗങ്ങളിൽ പ്രവേശനം നേടാനാഗ്രഹിക്കുന്ന അപേക്ഷകർ പ്രോസ്പെക്ടസിന്റെ 13-ാം ഖണ്ഡികയിലെ കുറിപ്പ് 2 ൽ സൂചിപ്പിക്കും പ്രകാരം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ജില്ലാതലസമിതിയുടെ പരിശോധനക്ക് ഹാജരാക്കിയശേഷം സമിതി നൽകുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം വയ്ക്കുകയും സർട്ടിഫിക്കറ്റിലെ റഫറൻസ് നമ്പർ അപേക്ഷയിൽ രേഖപ്പെടുത്തുകയും ചെയ്യണം.

14 അനുബന്ധം **6** പരിശോധിച്ച ശേഷം മാത്രം അനുയോജ്യമായി പൂരിപ്പിക്കുക.

15&16 സ്ഥിരമേൽവിലാസവും (എസ്. എസ്. എൽ.സി. സർട്ടിഫിക്കറ്റിലുള്ളത്) നിലവിലുള്ള തപാൽ വിലാസവും വ്യക്തമായി ക്യാപിറ്റൽ അക്ഷരങ്ങളിൽ എഴുതുക. ബന്ധപ്പെടാനുള്ള ടെലിഫോൺ നമ്പരും സൂചിപ്പിക്കണം.ടെലിഫോൺ നമ്പർ നിർബന്ധമായി നൽകണം. വീട്ടിൽ ടെലിഫോണില്ലെങ്കിൽ ബന്ധപ്പെടാൻ കഴിയുന്ന മറ്റൊരു നമ്പർ(അയൽ വീട്ടിലെയോ പഠിച്ച സ്കൂളിലേയോ നമ്പരുമാകാം) നൽകണം.

17 ബാധകമെങ്കിൽ ബന്ധപ്പെട്ട ബോക്സിൽ '✓' മാർക്ക് ചെയ്ത് അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം വയ്ക്കുക.

18&19 കായിക മൽസരങ്ങളിലോ സ്കൂൾ യുവജനോൽസവത്തിലോ പങ്കെടുത്തിട്ടുണ്ടെങ്കിൽ ആ വിവരങ്ങൾ സൂചിപ്പിക്കുക. ആകെ നേടിയ ഗ്രേഡുകളുടെ/സ്ഥാനങ്ങളുടെ എണ്ണമാണ് തന്നിരിക്കുന്ന ബോക്സുകളിൽ രേഖപ്പെടുത്തേണ്ടത്. ഉദാഹരണമായി ജില്ലാതലസ്കൂൾ കലോൽസവത്തിൽ രണ്ട് എ ഗ്രേഡുകളും ഒരു ബി ഗ്രേഡും ലഭിച്ച അപേക്ഷകൻ എ ഗ്രേഡിന്റെ ബോക്സിൽ **2** എന്നും ബി ഗ്രേഡിന്റെ ബോക്സിൽ **1** എന്നും രേഖപ്പെടുത്തണം. സംസ്ഥാനതലത്തിൽ പങ്കെടുക്കുകയും ഗ്രേസ് മാർക്ക് ലഭിക്കാതിരിക്കുകയും ചെയ്ത ഇനങ്ങളുടെ എണ്ണമാണ് **State Level Participation** എന്ന ബോക്സിൽ രേഖപ്പെടുത്തേണ്ടത്.

20 '✓' മാർക്ക് ചെയ്യുന്ന വിവരങ്ങൾക്ക് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

21 18, 19 കോളങ്ങളിലെ പോലെ ഇവിടെയും ആകെ നേടിയ ഗ്രേഡുകളുടെ എണ്ണമാണ് തന്നിരിക്കുന്ന ബോക്സുകളിൽ രേഖപ്പെടുത്തേണ്ടത്.

ബി) വിവിധ ക്ലബ്ബുകളുടെയും മറ്റും പ്രവർത്തനങ്ങളിൽ പങ്കാളിയായിട്ടുണ്ടെങ്കിൽ അതാത് ബോക്സുകളിൽ '✓' മാർക്ക് ചെയ്യുക. അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം വയ്ക്കുക.

22 പരീക്ഷ എഴുതിയ ആദ്യതവണ തന്നെ എസ്. എസ്. എൽ.സി. പാസായെങ്കിൽ ബോക്സിൽ 1 എന്ന് രേഖപ്പെടുത്തണം. ആദ്യമായി എസ്. എസ്. എൽ.സി. പരീക്ഷ എഴുതിയ വർഷം തന്നെ സേ പരീക്ഷയെഴുതിയശേഷം വിജയിച്ച് അപേക്ഷ നൽകുന്ന വിദ്യാർത്ഥികളും 1 എന്ന് രേഖപ്പെടുത്തണം.

ബി) ഒന്നിലധികം തവണകളായാണ് പാസായതെങ്കിൽ എത്ര തവണയെന്നും, ഓരോ തവണ പരീക്ഷ എഴുതിയ വർഷം, മാസം, രജിസ്റ്റർ നമ്പർ മുതലായവയും എഴുതണം.

23 എ) സ്കീം 01 പ്രകാരം എസ്. എസ്. എൽ. സി. പാസായവർ മാത്രം ഈ കോളം പൂരിപ്പിക്കുക

ബി) സ്കീം 02 പ്രകാരം എസ്. എസ്. എൽ. സി പാസായവർ ഈ കോളം പൂരിപ്പിക്കുക

സി) സ്കീം 01-ഉം സ്കീം 02-ഉം ഒഴികെയുള്ള സ്കീമുകൾ പ്രകാരം എസ്. എസ്. എൽ.സി. പാസായവർ ഈ കോളത്തിൽ മാർക്ക്/ ഗ്രേഡ് വിവരങ്ങൾ രേഖപ്പെടുത്തണം. ഈ വിഭാഗത്തിലെ അപേക്ഷകർ പ്രസക്തമായ കോളത്തിൽ മാക്സിമം മാർക്ക് നിർബന്ധമായി രേഖപ്പെടുത്തണം.

24 അപേക്ഷകൻ വളരെ ശ്രദ്ധിച്ച് പൂരിപ്പിക്കേണ്ട ഭാഗമാണിത്.

- ഓപ്ഷനുകൾ (സ്കൂളും കോംബിനേഷനും) മുൻഗണനാക്രമത്തിലാണ് നൽകേണ്ടത്. അപേക്ഷകൻ പഠിക്കാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സ്കൂളും ആ സ്കൂളിലെ ഇഷ്ടപ്പെട്ട സബ്ജക്ട് കോംബിനേഷനുമാണ് ഒന്നാമത്തെ ഓപ്ഷനായി നൽകേണ്ടത്. ഒന്നാമത് ചോദിച്ച സ്കൂളിലെ ഇഷ്ടപ്പെട്ട കോംബിനേഷൻ ലഭിക്കുന്നില്ലെങ്കിൽ, അടുത്തതായി പരിഗണിക്കേണ്ട സ്കൂളും കോംബിനേഷനും രണ്ടാമത്തെ ഓപ്ഷനായി നൽകണം. ഇങ്ങനെ കൂടുതൽ പരിഗണന നൽകുന്ന സ്കൂളുകൾ ആദ്യമാദ്യം വരുന്ന രീതിയിൽ സൗകര്യപ്രദമായ സ്കൂളുകളും ഇഷ്ടപ്പെട്ട കോംബിനേഷനുകളും നൽകുക. ഒരിക്കലും പരിഗണന കുറഞ്ഞ സ്കൂളുകളും കോംബിനേഷനുകളും ആദ്യ ഓപ്ഷനായി നൽകരുത്.
- ആദ്യം, ഇഷ്ടവിഷയങ്ങളുള്ള സമീപപ്രദേശത്തെ സ്കൂളുകളുടെ ഒരു ലിസ്റ്റ് അനുബന്ധം 7 പരിശോധിച്ച് തയ്യാറാക്കുക. അതിനുശേഷം ഈ സ്കൂളുകളെയും കോഴ്സുകളെയും അപേക്ഷകന്റെ മുൻഗണനയനുസരിച്ച് ക്രമീകരിക്കുക. സ്കൂൾ, സബ്ജക്ട് കോംബിനേഷൻ, മുൻഗണന എന്നിവ പലപ്രാവശ്യം ഉറപ്പുവരുത്തിയ ശേഷം മാത്രം അപേക്ഷാഫാറത്തിലേക്ക് പകർത്തുക.
- സ്കൂൾ കോഡുകളും കോംബിനേഷൻ കോഡുകളും 18-ാം ഖണ്ഡികയും അനുബന്ധം 7-ഉം പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രം രേഖപ്പെടുത്തുക.
- മുൻവർഷം ഓരോ സ്കൂളിലും വ്യത്യസ്തകോംബിനേഷനുകളിൽ മൂന്നാമത്തെ അലോട്ട്മെന്റിന്റെ അവസാനം പ്രവേശനം ലഭിച്ച റാങ്കുകാരുടെ(കാറ്റഗറി തിരിച്ച്) ഗ്രേഡ് പോയിന്റ് വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാണ്. ഇത് പരിശോധിച്ചാൽ ഓരോ സ്കൂളിലുമുള്ള അഡ്മിഷൻ സാധ്യത മനസ്സിലാക്കാനും അതനുസരിച്ച് ഓപ്ഷനുകൾ ക്രമീകരിക്കാനും കഴിയും.
- ഒരിക്കലും അപേക്ഷകൻ ആവശ്യപ്പെടാത്ത ഒരു സ്കൂളിലേക്കും ഏകജാലകസംവിധാനം വഴി അലോട്ട്മെന്റ് നൽകില്ല. അതിനാൽ വിദ്യാർത്ഥിക്ക് യാത്രാസൗകര്യമുള്ള സ്കൂളുകളുടെ പേരും അഡ്രസ്സും കോഡും നന്നായി ഉറപ്പുവരുത്തിയ ശേഷം മാത്രം എഴുതുക (ചില സ്കൂളുകളുടെ പേരുകൾ/സ്ഥലപ്പേരുകൾ സാദൃശ്യങ്ങളുള്ളവയുണ്ടാകും. അതിനാൽ അത്തരം സ്കൂളുകൾ തെരഞ്ഞെടുക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക).
- അപേക്ഷകൻ നൽകിയ ഏതെങ്കിലും ഒരു ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചാൽ അലോട്ട് ചെയ്ത ഓപ്ഷന് ശേഷമുള്ള എല്ലാ ഓപ്ഷനുകളും **(Lower options)** തനിയെ ക്യാൻസലാകും. എന്നാൽ അലോട്ട് ചെയ്ത ഓപ്ഷന് മുകളിലുള്ള ഓപ്ഷനുകൾ**(Higher options)**സ്ഥിരപ്രവേശനം നേടുന്നത് വരെ നിലനിൽക്കും. ആവശ്യമുള്ള പക്ഷം തെരഞ്ഞെടുത്ത **Higher option** കൾ മാത്രമായി ക്യാൻസൽ ചെയ്യാവുന്നതാണ്. ഇതിനായി ഡയറക്ടറേറ്റിൽ നിന്ന് അറിയിക്കുന്ന സമയപരിധിക്കുള്ളിൽ അപേക്ഷനൽകിയ സ്കൂളിനെ സമീപിക്കണം.
- അപേക്ഷയിലെ ടേബിളിൽ സ്കൂൾ കോഡ് എന്ന് രേഖപ്പെടുത്തിയതിന് താഴെയുള്ള **5** ചെറിയ ബോക്സുകളിലും കോംബിനേഷൻ കോഡിന് താഴെയുള്ള **2** ബോക്സുകളിലുമായി സ്കൂൾ കോഡും കോംബിനേഷൻ കോഡും എഴുതുക. ഉദാ: ഒന്നാമത്തെ ഓപ്ഷനായി **(Preference No.1) 01058** എന്ന സ്കൂളിലെ **01** എന്ന കോംബിനേഷൻ തെരഞ്ഞെടുക്കാനാഗ്രഹിക്കുന്ന ഒരപേക്ഷകൻ/അപേക്ഷക അത് രേഖപ്പെടുത്തേണ്ടത് താഴെക്കാണിച്ചിരിക്കുന്ന വിധമാണ്.

| Pref. No | School Code | | | | | Combination Code | |
|---|---|---|---|---|---|---|---|
| 1 | 0 | 1 | 0 | 5 | 8 | 0 | 1 |

ചില അപേക്ഷകർ ഒരു പ്രത്യേക സ്കൂളിന് മുൻഗണന നൽകുമ്പോൾ മറ്റ് ചിലർ ഒരു പ്രത്യേക വിഷയകോംബിനേഷനായിരിക്കും മുൻഗണന നൽകുന്നത്. ഉദാഹരണമായി 1058 എന്ന സ്കൂളിലെ ഏതെങ്കിലും വിഷയ കോംബിനേഷൻ ലഭിച്ചാൽ മതിയെന്നുള്ളവർ താഴെക്കാണുന്ന രീതിയിലാണ് മുൻഗണന രേഖപ്പെടുത്തുന്നത്.

| Pref. No | School Code | | | | | Combination Code | |
|---|---|---|---|---|---|---|---|
| 1 | 0 | 1 | 0 | 5 | 8 | 0 | 1 |
| 2 | 0 | 1 | 0 | 5 | 8 | 1 | 1 |
| 3 | 0 | 1 | 0 | 5 | 8 | 3 | 8 |

എന്നാൽ 01 എന്ന വിഷയ കോംബിനേഷന് മുൻഗണന നൽകുന്ന അപേക്ഷകർ താഴെക്കാണിച്ചിരിക്കുന്നത് പോലെ വിവിധ സ്കൂളുകളും കോംബിനേഷനും രേഖപ്പെടുത്തുന്നു.

| Pref. No | School Code | | | | | Combination Code | |
|---|---|---|---|---|---|---|---|
| 1 | 0 | 1 | 0 | 5 | 6 | 0 | 1 |
| 2 | 0 | 1 | 0 | 5 | 5 | 0 | 1 |
| 3 | 0 | 1 | 0 | 5 | 8 | 0 | 1 |

ഓരോ സ്കൂളിലും ലഭ്യമായ രണ്ടാം ഭാഷകളുടെ വിവരങ്ങളും അനുബന്ധം 7ൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയിൽ രണ്ടാം ഭാഷ ഓപ്റ്റ് ചെയ്യേണ്ടതില്ല. ലഭ്യതയനുസരിച്ച് സ്കൂളധികൃതരാണ് അവ അനുവദിച്ചുനൽകുന്നത്. കുട്ടി പഠിക്കാനാഗ്രഹിക്കുന്ന രണ്ടാം ഭാഷ സ്കൂളിലുണ്ടെന്നുറപ്പാക്കേണ്ടത് പ്രിൻസിപ്പലിന്റെ ചുമതലയാണ്.

<u>**പ്രത്യേകശ്രദ്ധയ്ക്ക്:**</u> അപേക്ഷകർക്ക് ആവശ്യമുള്ളപക്ഷം എത്ര ഓപ്ഷനുകൾ വേണമെങ്കിലും നൽകാവുന്നതാണ്. എന്നാൽ അപേക്ഷകർക്ക് പഠിക്കാൻ താല്പര്യമുള്ളതും യാത്രാ സൗകര്യമുള്ളതുമായ സ്കൂളുകൾ മാത്രം ഓപ്ഷനുകളായി നൽകുക. അലോട്ട്മെന്റ് ലഭിക്കുന്ന സ്കൂളിൽ താല്ക്കാലികമോ സ്ഥിരമോ ആയ പ്രവേശനം നേടണം. അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ നിർദ്ദിഷ്ടസമയത്തിനകം പ്രവേശനം നേടാതിരുന്നാൽ വിദ്യാർത്ഥി നോൺ ജോയിനിങ് ആയി റിപ്പോർട്ട് ചെയ്യപ്പെടും. നോൺ ജോയിനിങ് ആകുന്നതോടെ വിദ്യാർത്ഥിയുടെ അപേക്ഷാ വിവരങ്ങൾ കംപ്യൂട്ടറിൽ നിന്നും പൂർണമായി നീക്കം ചെയ്യും. തുടർന്നുള്ള അലോട്ട്മെന്റിൽ ഈ അപേക്ഷകരെ പരിഗണിക്കുന്നതല്ല. ആയതിനാൽ പഠിക്കാൻ താൽപര്യമുള്ള സ്കൂളുകളും കോഴ്സുകളും മാത്രം തെരഞ്ഞെടുക്കുക. അവ നിങ്ങളുടെ മുൻഗണനയനുസരിച്ച് ക്രമീകരിക്കുക. ഏത് ഓപ്ഷൻ ലഭിച്ചാലും പ്രവേശനം നേടുക. കൂടുതൽ മെച്ചപ്പെട്ട ഓപ്ഷൻ പ്രതീക്ഷിക്കുന്നെങ്കിൽ താല്ക്കാലിക പ്രവേശനം മാത്രം നേടുക. തുടർന്നുള്ള ഓരോ അലോട്ട്മെന്റും പരിശോധിക്കുക. **Higher option**-ൽ അലോട്ട്മെന്റ് ലഭിക്കുമ്പോൾ പുതുതായി ലഭിച്ച അലോട്ട്മെന്റിലേക്ക് മാറുക. അലോട്ട്മെന്റിനെ സംബന്ധിക്കുന്ന വാർത്തകൾ എല്ലാ പ്രമുഖ ദിനപത്രങ്ങളിലും പ്രസിദ്ധീകരിക്കും. ഓരോ അലോട്ട്മെന്റ് ലിസ്റ്റും പ്രസിദ്ധീകരിച്ച വാർത്ത വന്നാൽ ഉടൻ തന്നെ കംപ്യൂട്ടറിലെ വെബ് ബ്രൗസറിന്റെ അഡ്രസ്സ് ബാറിൽ അഡ്മിഷൻ വെബ്സൈറ്റിന്റെ അഡ്രസ്സായ <u>**www.hscap.kerala.gov.in**</u> എന്ന് ടൈപ്പ് ചെയ്ത് സെർച്ച് ചെയ്യുക. ഹോം പേജിൽ അപേക്ഷാനമ്പർ ടൈപ്പ് ചെയ്തശേഷം അപേക്ഷിച്ച ജില്ല സെലക്ട് ചെയ്ത് സബ്മിറ്റ് ബട്ടൺ ക്ലിക്ക്

ചെയ്താൽ അലോട്ട്മെന്റ് വിവരങ്ങൾ കാണാം. അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള അഭിനന്ദനങ്ങളും ലഭിച്ച സ്കൂൾ, കോംബിനേഷൻ മുതലായ വിവരങ്ങളും ആദ്യപേജിൽ കാണാം. ഇതേ പേജിലെ അലോട്ട്മെന്റ് സ്ലിപ്പ് എന്ന ബട്ടനിൽ ക്ലിക്ക് ചെയ്താൽ അപേക്ഷാ വിവരങ്ങളും അലോട്ട്മെന്റ് വിവരങ്ങളുമടങ്ങിയ അലോട്ട്മെന്റ് ലെറ്റർ കാണാം. അലോട്ട്മെന്റ് ലെറ്ററിന്റെ മാത്രം പ്രിന്റെടുത്ത് (ഒരു പേജ്) അസ്സൽ സർട്ടിഫിക്കറ്റുകളുമായി അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ ഹാജരാകണം. അലോട്ട്മെന്റ് ലഭിക്കാത്ത അപേക്ഷകർക്ക് തങ്ങൾ അപേക്ഷിച്ച ഓരോ സ്കൂളിലും ലഭിച്ച റാങ്കും ആ സ്കൂളുകളിൽ ഓരോ വിഭാഗത്തിലും അവസാനം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ റാങ്കും, WGPA വിവരങ്ങളും ലഭിക്കും. അലോട്ട്മെന്റ് ലഭിക്കാത്തവർ അടുത്ത അലോട്ട്മെന്റുകൾക്കായി കാത്തിരിക്കുക. അപേക്ഷാവിവരങ്ങൾ, അലോട്ട്മെന്റ് മുതലായവ പരിശോധിക്കുന്നതിന് സ്കൂളുകളിലെ തന്നെ കംപ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ ഉപയോഗിക്കാവുന്നതാണ്. അപേക്ഷയിൽ ഇ-മെയിൽ അഡ്രസ്സ് രേഖപ്പെടുത്തുന്ന എല്ലാ അപേക്ഷകർക്കും അപേക്ഷ രജിസ്റ്റർ ചെയ്താലുടൻ അപേക്ഷാ വിവരങ്ങളും അലോട്ട്മെന്റ് ലഭിച്ചാൽ അലോട്ട്മെന്റ് സ്ലിപ്പും ഇ-മെയിൽ വഴി അയച്ചു കൊടുക്കുന്നതാണ്.